# SPC പദ്ധതിയുടെ "*Intellectual Marathon – 2019*" ജില്ലാതല ക്വിസ്സ് മത്സരം നടത്തി

സ്റ്റുഡൻറ് പോലീസ് കേഡറ്റ് "Intellectual Marathon–2019" പദ്ധതിയുടെ എറണാകുളം റൂറൽ ജില്ലാതല ക്വിസ്സ് ഫൈനൽ മത്സരം 23.03.2019 തിയ്യതി പെരുമ്പാവൂർ ഗവൺമെൻറ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ വെച്ച് നടത്തി.

രാവിലെ നടന്ന ഉദ്ഘാടന ചടങ്ങിൽ പെരുമ്പാവൂർ ഗവൺമെൻറ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ.സി.കെ.രാജു അദ്ധ്യക്ഷത വഹിച്ചു. എറണാകുളം റൂറൽ ജില്ലാ ക്രൈം ബ്രാഞ്ച് ഡി.വൈ.എസ്.പി യും സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതിയുടെ എറണാകുളം റൂറൽ ജില്ലാ നോഡൽ ഓഫിസറുമായ ശ്രീ.ജവഹർ ജനാർദ്ദ് ഉദ്ഘാടനം നിർവ്വഹിച്ചു. സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതിയുടെ ജില്ലാ അസ്സിസ്റ്റൻറ് നോഡൽ ഓഫീസറായ ശ്രീ.എ.പി.ഷാജിമോൻ സ്വാഗതം ആശംസിച്ച ചടങ്ങിൽ പെരുമ്പാവൂർ പോലീസ് ഇൻസ്പെക്ടർ ശ്രീ. കെ. സുമേഷ്, പെരുമ്പാവൂർ ഗവൺമെൻറ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ പി.റ്റി.എ പ്രസിഡൻറ് ശ്രീ. സി.കെ.നാസ്സിം എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. പെരുമ്പാവൂർ ഗവൺമെൻറ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിലെ കമ്മ്യൂണിറ്റി പോലീസ് ഓഫീസർ ശ്രീ.ജോബി ജേക്കബ് കൃതജ്ഞത രേഖപ്പെടുത്തി.

ഇന്ന് നടന്ന ജില്ലാ തല മത്സരത്തിൽ പെരുമ്പാവൂർ പ്രഗതി അക്കാദമിയിലെ ഫെലിക്സ് ജോബി, സൂരജ്.പി.എസ്, അരവിന്ദ് സുരേഷ് എന്നിവരടങ്ങിയ ടീം ഒന്നാം സ്ഥാനം നേടി 03.04.2019 തിയ്യതിയിൽ തിരുവനന്തപുരം ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കുന്ന സംസ്ഥാനതല മത്സരത്തിന് അർഹത നേടി. സ്കൂൾ തലത്തിൽ നടത്തിയ മൽസരത്തിൽ നിന്നും വിജയിച്ച മൂന്ന് വിദ്യാർത്ഥികൾ വീതം ഉൾപ്പെടുന്ന 30 സ്കൂൾ ടീമുകളാണ് ജില്ലാ തലത്തിൽ മൽസരിച്ചത്.

കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻറ് ടെക്നോളജിയിലെ യൂണിവേഴ്സിറ്റി ഗൈഡൻസ് ബ്യൂറോ ഡെപ്യൂട്ടി ചീഫ് ശ്രീ.ബെന്നി മാത്യു ആയിരുന്നു ക്വിസ്സ് മത്സരം നയിച്ചത്.